മാതൃഭൂമി
24 May 2017



മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് ഡോ. കെ.കെ. ജോഷി പുരസ്കാരം സ്വീകരിക്കുന്നു

# ഡോ. കെ.കെ. ജോഷിക്ക് ജൈവ വൈവിധ്യ ഗവേഷക പുരസ്കാരം

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) മറൈൻ ബയോ ഡൈവേഴ്സിറ്റി വിഭാഗം മേധാവിയും പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. കെ.കെ. ജോഷിക്ക് സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ 2016-ലെ മികച്ച ജൈവ വൈവിധ്യ ഗവേഷകനുള്ള പുരസ്കാരം. സമുദ്ര ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കുമുള്ള അംഗീകാരമായാണ് പുരസ്കാരം.

മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിച്ചു. പ്രശസ്തിപത്രവും അമ്പതിനായിരം രൂപയുമടങ്ങുന്നതാണ് പുരസ്കാരം.